പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 604

31.10.2016 ൽ – മറുപടിക്ക്

# ഭക്ഷ്യഭദ്രതാ നിയമം-ഫുഡ് അലവൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>,, മുല്ലക്കര രത്നാകരൻ<br>,, വി.ആർ. സുനിൽ കുമാർ<br>,, എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാകുമ്പോൾ ഭക്ഷണത്തിന് പകരം ഉപഭോക്താക്കൾക്ക് ഫുഡ് അലവൻസ് തുക നല്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) 2013 - ലെ ഭക്ഷ്യ ഭദ്രതാനിയമത്തിന്റെ വകുപ്പ് (8) പ്രകാരം നിയമം വ്യവസ്ഥചെയ്യുന്ന ഭക്ഷ്യ/പോഷകാഹാര വിഹിതം ഉപഭോക്താക്കൾക്ക് നൽകാൻ പറ്റാത്ത സാഹചര്യത്തിൽ, നിഷേധിക്കപ്പെടുന്ന പ്രയോജനം ഭക്ഷ്യഭദ്രതാ അലവൻസായി (Food security allowance) ഓരോ വ്യക്തിക്കും അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രസർക്കാർ ഫുഡ് സെക്യൂരിറ്റി അലവൻസ് റൂൾസ്, 2015 എന്ന പേരിൽ പ്രത്യേക ചട്ടവും 21.1.2015-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) റേഷൻ കടകളിൽ കൂടി അരിയും ഗോതമ്പും കൂടാതെ പ്രധാന പലവ്യഞ്ജനങ്ങളും വിതരണം ചെയ്യുവാൻ നടപടിയെടുക്കുമോ; | (ബി) 2016-17 ലെ ബഡ്ജറ്റിൽ റേഷൻ കടകളെ നവീകരിക്കാനും അവ പലചരക്ക് സാധനങ്ങൾ കൂടി ന്യായവിലയ്ക്ക് വിൽക്കുവാനുള്ള കടകളായി രൂപമാറ്റം വരുത്തുന്നത് പരിഗണിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) റേഷൻ കടകളിൽ ബയോമെട്രിക് യന്ത്രങ്ങൾ വയ്ക്കുന്ന സാഹചര്യത്തിൽ സർക്കാർ ക്ഷേമ പെൻഷനുകൾ, ബാങ്കിംഗ് സേവനങ്ങൾ തുടങ്ങിയവ ഈ സംവിധാനത്തിലൂടെ നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) ആധാർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്ന പ്രക്രിയ പൂർത്തിയാവുകയും, മറ്റ് സർക്കാർ വകുപ്പുകളുടെ ഡേറ്റാ ബേസ് പൊതുവിതരണ വകുപ്പിന്റെ ഡേറ്റാബേസുമായി ബന്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ ഇത്തരം സേവനങ്ങൾ നൽകാൻ കഴിയുകയുള്ളൂ. ഈ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ